# ബർലിൻ കമ്മിറ്റിയിലെ മലയാളി



സന്തോഷ് തരുവണ

1. ഒന്നാം ലോകമഹായുദ്ധകാലത്ത് ജർമൻ നാവികസേനയിൽ ചേർന്ന് പ്രവർത്തിച്ച വിപ്ലവകാരി.
   (a) രാമകൃഷ്ണപിള്ള
   (b) ചെമ്പകരാമൻ പിള്ള
   (c) ജി.പി. പിള്ള
   (d) സി. കേശവൻ
   (Staff Nurse-Insurance Medical Service ഫിബ്രവരി 2016)
   **= ചെമ്പകരാമൻ പിള്ള**

- 1891 സപ്തംബർ 15-ന് തിരുവനന്തപുരം ജില്ലയിൽ ജനിച്ചു.
- 1914-ൽ സൂറിച്ച് ആസ്ഥാനമായി ഇന്റർനാഷണൽ പ്രോ ഇന്ത്യാ കമ്മിറ്റി സ്ഥാപിച്ചു. അതിന്റെ പ്രസിഡണ്ടായി.
- 1914 ഒക്ടോബറിൽ ബർലിനിൽ എത്തിയ അദ്ദേഹം ഇന്ത്യൻ ഇന്റർനാഷണൽ കമ്മിറ്റിയിൽ ചേർന്നു.
- ഇന്റർനാഷണൽ പ്രോ ഇന്ത്യ കമ്മിറ്റി, ഇന്ത്യൻ ഇന്റർനാഷണൽ കമ്മിറ്റിയിൽ ലയിച്ച് ബർലിൻ കമ്മിറ്റി എന്ന പേരിൽ അറിയപ്പെട്ടു.
- ബർലിനിൽ ഓറിയന്റ് ക്ലബ് സ്ഥാപിച്ചു.
- 1919-ൽ വിയന്നയിൽവെച്ച് സുഭാഷ് ചന്ദ്രബോസുമായി കൂടിക്കാഴ്ചനടത്തി.
- രാജാ മഹേന്ദ്രപ്രതാപ്സിങ് പ്രസിഡന്റായും മൗലാന ബർക്കത്തുള്ള പ്രധാനമന്ത്രിയുമായും 1915 ഡിസംബർ 15-ന് അഫ്ഗാനിസ്താനിൽ വെച്ചു രൂപവത്കരിക്കപ്പെട്ട താത്കാലിക ഇന്ത്യൻ ഗവൺമെന്റിൽ വിദേശകാര്യമന്ത്രിയായിരുന്നു.
- ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഹിറ്റ്ലറുമായി ബന്ധം സ്ഥാപിച്ചു.
- നാസികളുമായി അഭിപ്രായവ്യത്യാസത്തെത്തുടർന്ന് ഉണ്ടായ സംഭവങ്ങൾ അദ്ദേഹത്തിന്റെ അകാലമരണത്തിലേക്ക് നയിച്ചു.
- ഭക്ഷ്യവിഷബാധയേറ്റ് ചികിത്സയിലായിരുന്ന അദ്ദേഹം 1934 മെയ് 26-ന് അന്തരിച്ചു.
- നാസികൾ ഭക്ഷണത്തിൽ വിഷംകലർത്തി നൽകിയതാണെന്ന് കരുതപ്പെടുന്നു.

2. സ്വതന്ത്ര ഇന്ത്യയിൽ ഭൂപരിഷ്കരണങ്ങൾ നടപ്പിലാക്കിയത് ഏത് കമ്മിറ്റി റിപ്പോർട്ട് പ്രകാരമാണ്.
   (a) എസ്.കെ. ധർ കമ്മീഷൻ
   (b) കുമരപ്പ കമ്മിറ്റി
   (c) ബൽവന്ത്റായ് മേത്ത കമ്മിറ്റി
   (d) അശോക് മേത്ത കമ്മിറ്റി
   (Staff Nurse-Insurance Medical Service ഫിബ്രവരി 2016)
   **= കുമരപ്പ കമ്മിറ്റി**

- 1947-ൽ ഓൾ ഇന്ത്യ കോൺഗ്രസ് കമ്മിറ്റി രൂപം നൽകിയ അഗ്രേറിയൻ റിഫോം കമ്മിറ്റിയുടെ ചെയർമാനായിരുന്നു കുമരപ്പ
  1949-ൽ അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.
- പ്രശസ്തനായ സാമ്പത്തികശാസ്ത്രജ്ഞനാണ് കുമരപ്പ.
- പൂർണനാമം ജോസഫ് ചെല്ലദുരൈ കോർണേലിയസ് കുമരപ്പ.
- 1892 ജനവരി 4-ന് തമിഴ്നാട്ടിലെ തഞ്ചാവൂരിൽ ജനിച്ചു.
- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കാളിയായി.
- മഹാത്മാഗാന്ധിയുടെ അടുത്ത അനുയായി ആയിരുന്നു.
- ഗാന്ധിയൻ സാമ്പത്തികശാസ്ത്രത്തിന്റെ വക്താവ്.
- ഉപ്പുസത്യാഗ്രഹ സമയത്ത് യങ് ഇന്ത്യയുടെ എഡിറ്ററായി പ്രവർത്തിച്ചു.
- കാർഷികവും ഗ്രാമവികസനവുമായി ബന്ധപ്പെട്ട ദേശീയ നയങ്ങൾ വികസിപ്പിക്കുന്നതിനായി ആസൂത്രണകമ്മീഷനുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു.
- അഹമ്മദാബാദിലെ ഗുജറാത്ത് വിദ്യാപീഠത്തിൽ സാമ്പത്തികശാസ്ത്ര പ്രൊഫസറായി സേവനമനുഷ്ഠിച്ചു.
- 1960ൽ കുമരപ്പ അന്തരിച്ചു.
- ഗ്രാമവികസന മേഖലയിൽ അദ്ദേഹം നൽകിയ സംഭാവനകളുടെ സ്മരണക്കായി ആരംഭിച്ച സ്ഥാപനമാണ് കുമരപ്പ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഗ്രാമ സ്വരാജ്.
- പ്രധാന രചനകൾ-ഗാന്ധിയൻ ഇക്കണോമിക് തോട്ട്, ഇക്കണോമി ഓഫ് പെർമനൻസ്, സ്വരാജ് ഫോർ ദി മാസ്സസ്, യൂറോപ്പ് ത്രൂ ഗാന്ധിയൻ ഐ, പീസ് ആൻഡ് പ്രോസ്പെരിറ്റി

3. തവാങ് ബുദ്ധവിഹാരം സ്ഥിതിചെയ്യുന്നതെവിടെ
   (a) മിസോറാം
   (b) അരുണാചൽ പ്രദേശ്
   (c) അസം (d) മേഘാലയ

- **അരുണാചൽ പ്രദേശ്**
  (Staff Nurse-Insurance Medical Service- ഫിബ്രവരി 2016)
- തവാങ്നദിയുടെ തീരത്ത് ഒരു മലയുടെ മുകളിൽ ആണ് തവാങ് ബുദ്ധവിഹാരം സ്ഥിതിചെയ്യുന്നത്.
- സമുദ്രനിരപ്പിൽനിന്ന് 10,000 അടി ഉയരത്തിലാണിത് സ്ഥിതിചെയ്യുന്നത്.
- ഇന്ത്യയിലെ ഏറ്റവും വലിയ ബുദ്ധവിഹാരമാണിത്.
- ഏഷ്യയിലെ രണ്ടാമത്തെ വലിയ ബുദ്ധവിഹാരം
- 700 ബുദ്ധസന്ന്യാസികൾക്ക് താമസിക്കാനുള്ള സൗകര്യം ഇവിടെയുണ്ട്. തവാങ് ബുദ്ധവിഹാരം സ്ഥാപിതമായത് 1680-81 കാലഘട്ടത്തിലാണ്.
- ലോഡ്റി ഗ്യാറ്റ്സോ ലാമ ആണിത് ആരംഭിച്ചത്.

4. സിൽവാസ ഏതു കേന്ദ്രഭരണപ്രദേശത്തിന്റെ തലസ്ഥാനമാണ്
   (a) ദാദ്രാ നഗർ ഹവേലി
   (b) പോണ്ടിച്ചേരി
   (c) ദാമൻ ദിയു (d) ചണ്ഡീഗഢ്
   (Staff Nurse-Insurance Medical Service ഫിബ്രവരി 2016)
   **= ദാദ്രാ നഗർ ഹവേലി**

- ഇന്ത്യയുടെ പടിഞ്ഞാറെ മൂലയിൽ ഗുജറാത്ത് സംസ്ഥാനത്തിനും മഹാരാഷ്ട്ര സംസ്ഥാനത്തിനും ഇടയിലാണ് ദാദ്രാ നഗർ ഹവേലി സ്ഥിതിചെയ്യുന്നത്.
- തലസ്ഥാനം-സിൽവാസ്സ
- 1779 മുതൽ പോർച്ചുഗീസ് കോളനി ആയിരുന്നു ദാദ്രാ നഗർ ഹവേലി
- 1954 ആഗസ്ത് 2-ന് പോർച്ചുഗീസുകാരിൽനിന്ന് വിമോചിതമായി.
- 1961 ആഗസ്ത് 11-ന് കേന്ദ്രഭരണ പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടു.
- ഒരു ജില്ലയും 72 വില്ലേജുകളും ഉൾപ്പെടുന്ന പ്രദേശമാണ് ദാദ്രാ നഗർ ഹവേലി.
- പ്രധാന ഭാഷകൾ-ഗുജറാത്തി, ഹിന്ദി, മറാത്തി, കൊങ്കണി.
- ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണ്.
- പ്രധാന കൃഷിയിനങ്ങൾ നെല്ല്, റാഗി, പരിപ്പ് വർഗങ്ങൾ തുടങ്ങിയവയാണ്.
- ജനസംഖ്യയുടെ 60ശതമാനവും ആദിവാസി വിഭാഗങ്ങളാണ്.